# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2077          6.10.2016-ൽ മറുപടിയ്ക്ക്

## റോഡ് സുരക്ഷിതത്വത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. രാജൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷിതത്വത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;<br><br>(ബി) പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി റോഡ് സുരക്ഷിതത്വത്തിനായി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന പോലീസ് ശുഭയാത്ര 2015 എന്നൊരു പദ്ധതി എല്ലാ ~~പോലീസ്~~ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.ഗതാഗത നിയമങ്ങൾ സംബന്ധിച്ച അറിവ് പൊതു സമൂഹത്തിന് പകർന്നു നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത പൊതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയിലെ മുഖ്യ പ്രവർത്തനങ്ങൾ.<br><br>കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷക്കായി ഐക്യരാഷ്ട്രസഭ തുടക്കമിട്ട പരിപാടിയായ 'റോഡ് സുരക്ഷക്കായി ഒരു ദശകം' പദ്ധതി നടപ്പാക്കുന്നുണ്ട്.ഇതിന്റെ ഭാഗമായി പ്രീ ഡ്രൈവേഴ്സ് പരിശീലനം,ട്രാൻസ്പോർട്ട്- നോൺ ട്രാൻസ്പോർട്ട്- ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നുണ്ട്. ആധുനിക വാഹന പരിശോധനാ ഉപകരണങ്ങളുടെ സഹായത്തോടെ അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ട്രാഫിക് നിയമ ലംഘനം എന്നിവ കണ്ടു പിടിച്ച് കർശന ശിക്ഷാനടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ